**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3783** **09-10-2025 - ൽ മറുപടിയ്ക്ക്**

**വൈസ് ചാൻസലർ നിയമനത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സർവകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് , ഓർഡിനൻസ് എന്നിവയിൽ പ്രതിപാദിക്കുന്ന വൈസ് ചാൻസലർ നിയമനത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | **കേരള സർവകലാശാല**<br><br>കേരള സർവകലാശാല വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കേരള സർവകലാശാല ആക്ട്, 1974, ചാപ്റ്റർ 3, വകുപ്പ് 10ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>**മഹാത്മാഗാന്ധി സർവകലാശാല**<br><br>വൈസ് ചാൻസിലർ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ Mahatma Gandhi University Act 1985, Chapter III, Section 10-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>**കാലിക്കറ്റ് സർവകലാശാല**<br><br>കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ട്, 1975, അധ്യായം III, വകുപ്പ് 10ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>**കണ്ണൂർ സർവകലാശാല**<br><br>വൈസ് ചാൻസിലർ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട്, 1996 ചാപ്റ്റർ III, വകുപ്പ് 10-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>**കുസാറ്റ്**<br><br>വൈസ് ചാൻസിലർ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലാ ആക്റ്റ്, 1986, അധ്യായം III, വകുപ്പ് 11-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല** |

| | | | |
|---|---|---|---|
| | | | വൈസ് ചാൻസിലർ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ Sree Sankaracharya University of Sanskrit Act, 1994, Section 24-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**<br><br>വൈസ് ചാൻസിലർ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല ആക്റ്റ്, 2013, അധ്യായം V, വകുപ്പ് 27-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>**<u>നുവാൽസ്</u>**<br><br>വൈസ് ചാൻസിലർ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നുവാൽസ് ആക്റ്റ്, 2005, വകുപ്പ് 27-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>**<u>എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല</u>**<br><br>വൈസ് ചാൻസിലർ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല ആക്റ്റ്, 2015-ലെ വകുപ്പ് 13(2)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>**<u>ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല</u>**<br><br>വൈസ് ചാൻസിലർ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല ആക്റ്റ്, 2021, ചാപ്റ്റർ III, വകുപ്പ് 11-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. |
| (ബി) | യു. ജി. സി. പുറപ്പെടുവിച്ച 2025-ലെ കരട് റെഗുലേഷൻ പ്രകാരം സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത നടപടിക്രമങ്ങൾ അന്തിമമായിട്ടില്ല. |
| (സി) | വൈസ് ചാൻസലറെ തിരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർവകലാശാല ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതി വരുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | സർവകലാശാലകളിൽ സ്ഥിരം വൈസ് ചാൻസലർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള സെർച്ച് കം സെലക്ഷൻ കമ്മിറ്റി രൂപീകരണം സംബന്ധിച്ച് സർക്കാർ നിയമനിർമ്മാണം നടത്തുകയും ആയത് അംഗീകരിക്കുന്നതിനായി ബഹു. ഗവർണർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. |
| (ഡി) | സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിൽ സർക്കാരിന് കൂടുതൽ നിയന്ത്രണങ്ങൾ ലഭിക്കുന്ന തരത്തിൽ കൊണ്ടുവന്നതോ കൊണ്ടുവരാനുദ്ദേശിക്കുന്നതോ | (ഡി) | യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിന് വ്യക്തമായ വ്യവസ്ഥയില്ല. ഇതു പരിഹരിക്കുന്നതിന് ആവശ്യമായ നിയമഭേദഗതി പാസ്സാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ആയ നിയമഭേദഗതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | | |
| (ഇ) | സർക്കാർ കൊണ്ടുവന്നതോ കൊണ്ടുവരാനുദ്ദേശിക്കുന്നതോ ആയ നിയമഭേദഗതികൾ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് യു. ജി. സി.യുടെ 2025-ലെ കരട് റെഗുലേഷനിലെ വ്യവസ്ഥകളുമായി ഏതെല്ലാം രീതിയിൽ വിഭിന്നമാണെന്ന് വിശദമാക്കാമോ? | (ഇ) | ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ